"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കണ്ണൂർ ജില്ല - തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്ിൽ - പട്ടുവം ഗ്രാമ പഞ്ചായത്ത് - കാഞ്ഞിരത്തറ നമ്പിക്കുളത്തു കാവ് കുണ്ടം മണ്ണൂക്കര റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരണം - കാലതാമസം സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.372/2025/DMD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-
1. 10.01.2022 ലെ സ. ഉ. (സാധാ) നം. 21/2022/ഡി.എം.ഡി.
2. കണ്ണൂർ ജില്ലാകളക്ടറുടെ 23.04.2025 ലെ DCKNR/10426/2022 -DM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പട്ടുവം ഗ്രാമ പഞ്ചായത്തിലെ കാഞ്ഞിരത്തറ - നമ്പിക്കുളത്തുകാവ് - കുണ്ടം - മണ്ണൂക്കര റോഡ് പ്രവൃത്തിക്ക് 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ഉത്തരവായിട്ടുണ്ട്. മേൽ റോഡ് പ്രവൃത്തിക്ക് മൂന്ന് തവണ ടെണ്ടർ വിളിച്ചിട്ടും പ്രവൃത്തി ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരമാണ് പ്രവൃത്തിക്ക് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും ഇക്കാരണത്താൽ പ്രവൃത്തിക്ക് നിശ്ചിത സമയത്ത് കരാറിൽ ഏർപ്പെടാൻ സാധിച്ചില്ലായെന്നും, ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കരാറിൽ എർപ്പെട്ട കാലതാമസം മാപ്പാക്കി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട പട്ടുവം ഗ്രാമ പഞ്ചായത്തിലെ കാഞ്ഞിരത്തറ - നമ്പിക്കുളത്തുകാവ് - കുണ്ടം - മണ്ണൂക്കര റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിലേർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരംകമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാകളക്ടർ, കണ്ണൂർ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/94/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 03-06-2025 17:20:38
സെക്ഷൻ ഓഫീസർ

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്